# ദൈവത്തെ സന്തോഷത്തോടെ സേവിക്കുക

സാക് പുന്നൻ

WFTW Malayalam 4 March 2012
www.jeevamozhikal.org

മനോഹരമായ ഒരു വാക്യം ഇവിടെ നിങ്ങളെ കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വർഷങ്ങൾക്കു മുൻപു ഞാൻ യൗവനക്കാരനായൊരു വിശ്വാസി ആയിരുന്നപ്പോൾ എന്നെ അനുഗ്രഹിച്ച വാക്യമാണത്. അത് ഉൽപത്തി 29 :20 ആണ്. 'യാക്കോബ് റാഹേലിനു വേണ്ടി ഏഴു വർഷം സേവ ചെയ്തു. എന്നാൽ അവളോടുള്ള സ്നേഹം നിമിത്തം ആ ഏഴു വർഷം അവന് അല്പകാലം മാത്രമായി അനുഭവപ്പെട്ടു.'

യാക്കോബിന് ഉണ്ടായിരുന്നത് സുഖകരമായ ഒരു വേല ആയിരുന്നില്ല.വയലിൽ ആടുകളെ മേയിക്കുന്ന കഠിനമായ വേലയായിരുന്നു അത്.പകൽ സൂര്യന്റെ ചൂടിനു കീഴിൽ ജോലി ചെയ്തിട്ട് തണുപ്പുള്ള രാത്രികളിൽ പുറത്തു തുറസ്സായ സ്ഥലത്ത് ഉറങ്ങേണ്ടിയും വന്നു. അതിനാൽ അവന്റെ ആരോഗ്യവും നശിച്ചു. ഇങ്ങനെയൊക്കെയാണെങ്കിലും ഏഴു വർഷങ്ങൾ അവന് ഏതാനും ചില ദിവസങ്ങൾ പോലെ മാത്രമാണു തോന്നിയതെന്നാണ് പറയുന്നത്. എല്ലാറ്റിനും കാരണം റാഹേലിനോടു യാക്കോബിനുള്ള പ്രേമത്തിന്റെ വികാര തീവ്രതയാണ്.

ഞാൻ ഇങ്ങനെ ചിന്തിച്ചു:'ഒരു സ്ത്രീക്കുവേണ്ടി യാക്കോബ് ഇങ്ങനെ വേല ചെയ്തുവെങ്കിൽ സ്വന്ത ജീവൻ നൽകി എന്നെ സ്നേഹിച്ച കർത്താവിനെ ഞാൻ എങ്ങനെ സേവിക്കണം? 'അതുകൊണ്ട് ഞാൻ പറഞ്ഞു: 'കർത്താവേ, എന്റെ ജീവിതവും അങ്ങേയ്ക്കു വേണ്ടിയുള്ള എന്റെ ശുശ്രൂഷയും ഇങ്ങനെ തന്നെ ആയിരിക്കും. പല വർഷങ്ങളുടെ കഷ്ടതയും വേദനയും തെറ്റിദ്ധാരണകളും എല്ലാം കേവലം ചില ദിവസങ്ങൾ പോലെ മാത്രമായിരിക്കും.കാരണം ഞാൻ അങ്ങയെ ഹൃദയപൂർവം സ്നേഹിക്കുന്നു.' ഏകദേശം 40 വർഷങ്ങൾക്കു മുൻപാണ് ഞാൻ ദൈവത്തോട് ഇങ്ങനെ പറഞ്ഞത്. എന്നാൽ ഇന്ന് എനിക്കു സാക്ഷ്യമായി പറയാൻ കഴിയും. നാലു ദശാബ്ദത്തിലേറെയുള്ള (അതിൽ 34 വർഷങ്ങൾ പൂർണസമയ വേലയിൽ) എന്റെ ദൈവവേല എനിക്ക് ഏതാനും ദിവസങ്ങൾ പോലെ മാത്രമാണ്.

ഇപ്പോൾ ഞാൻ പറയുന്നത് : 'ദൈവമേ, എനിക്കു കുറഞ്ഞത് 29 വർഷങ്ങൾ കൂടി അങ്ങയെ ആരോഗ്യത്തോടെ ശുശ്രൂഷിക്കണം.അത് എനിക്കു ചില ദിവസങ്ങൾ പോലെ മാത്രമായിരിക്കും.' ഞാൻ പണമുണ്ടാക്കുന്ന ഒരു ക്രിസ്തീയബിസിനസ്സുകാരൻ മാത്രമായിരുന്നെങ്കിൽ ഒരിക്കലും എനിക്ക് ഈ മനോഭാവം ഉണ്ടാകുവാൻ സാധ്യതയില്ല.

ദൈവത്തെ സേവിക്കുക എന്നതു മഹത്തായ കാര്യമാണ്.അതിനു തുല്യമായി മറ്റൊന്നില്ല. പണത്തിനോ സ്ഥാനത്തിനോ ബഹുമതിക്കോ അംഗീകാരത്തിനോ പ്രശംസയ്ക്കോ വേണ്ടി ഞാൻ ദൈവവേല ചെയ്യുകയില്ല എന്നു ഞാൻ തുടക്കത്തിൽ തന്നെ തീരുമാനിച്ചിരുന്നു.എന്നെ ആദ്യം ഇങ്ങോട്ടു സ്നേഹിച്ച കർത്താവിനോടുള്ള സ്നേഹമാണ് അതിനു കാരണം.

ദൈവവേല ഭാരമുള്ളതായി തോന്നുന്നുണ്ടോ? ഉണ്ടങ്കിൽ അതിനു കാരണം ഒന്നേയുള്ളു-നിങ്ങൾ പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നില്ല!

*മൊഴിമാറ്റം-സാജു ജോസഫ്*